<u>15 -ാം കേരള നിയമസഭ</u>

<u>8 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1355</u> <u>07-02-2023 - ൽ മറുപടിയ്ക്ക്</u>

<u>പുതിയ എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള നടപടിക്രമം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റ് നഷ്ടപ്പെട്ട് കഴിഞ്ഞാൽ പുതിയ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് അപേക്ഷ സമർപ്പിക്കേണ്ടതിന്റെ നടപടിക്രമം വിശദമാക്കാമോ; | (എ) | **(എ) എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റ് നഷ്ടപ്പെട്ട് കഴിഞ്ഞാൽ പുതിയ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള അപേക്ഷ ബന്ധപ്പെട്ട സ്കൂളിലെ (ഏത് സ്കൂളിലാണോ എസ്.എസ്.എൽ.സി പരീക്ഷ എഴുതിയത് ആ സ്കൂളിലെ) പ്രഥമാധ്യാപകന്റെ ഒപ്പും സീലും രേഖപ്പെടുത്തി ചുവടെ ചേർക്കുന്ന രേഖകൾ സഹിതം പരീക്ഷാ ഭവൻ സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതാണ്.**<br><br>**1. ഡ്യൂപ്ലിക്കേറ്റ് എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റിനുള്ള ഫീസ് 350/-രൂപ Triplicate ന് 750/- രൂപ, Quadruplicate ന് 1000/-രൂപ ക്രമത്തിൽ അപേക്ഷകൻ കേരള സംസ്ഥാനത്തിലെ ഏതെങ്കിലും ഗവൺമെന്റ് ട്രഷറിയിൽ "0202-01-102-92 Other Receipt" എന്ന അക്കൗണ്ട് ഹെഡ്ഡിൽ ചെലാൻ എടുത്ത് ഫീസ് ഒടുക്കണം. അപേക്ഷകൻ കേരളത്തിന് പുറത്താണെങ്കിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ അക്കൗണ്ട് നമ്പർ '077 ബി(സി) ഐ.എസ്.എസ്.എ കേരള' എന്ന പേരിൽ ചെലാൻ എടുത്ത് ഫീസ് ഒടുക്കണം.**<br><br>**അസ്സൽ സർട്ടിഫിക്കറ്റ് തിരിച്ച് കിട്ടാത്ത വിധത്തിൽ നഷ്ടപ്പെട്ടിട്ടുണ്ടെങ്കിൽ ഒരു ഒന്നാം ക്ലാസ് മജിസ്ട്രേട്ടിന്റെ കോടതി മുദ്ര പതിച്ച സാക്ഷ്യപത്രം സമർപ്പിക്കേണ്ടതാണ്. ജവാനാണെങ്കിൽ, കമാന്റിംഗ് ഓഫീസറുടെ സാക്ഷ്യപത്രം സമർപ്പിക്കേണ്ടതാണ്.**<br><br>**3. അസ്സൽ സർട്ടിഫിക്കറ്റ് കേടുപാടുകൾ സംഭവിച്ചിട്ടുണ്ടെങ്കിൽ അതിനെ കുറിച്ചുള്ള വിശദവിവരങ്ങൾ നൽകുന്നതോടൊപ്പം** |

| | | | |
|---|---|---|---|
| | | | **കേടായ സർട്ടിഫിക്കറ്റ് സമർപ്പിക്കുകയും വേണം.**<br>**4. സർട്ടിഫിക്കറ്റ് വിദേശത്ത് വച്ച് തിരിച്ചു കിട്ടാത്ത വിധത്തിൽ നഷ്ടപ്പെട്ടിട്ടുണ്ടെങ്കിൽ അപേക്ഷയോടൊപ്പം ഇന്ത്യൻ എംബസിയുടെ ജുഡീഷ്യൽ അധികാരമുള്ള ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം കൂടി ഉൾപ്പെടുത്തിയിരിക്കണം.**<br>**5. ഡ്യൂപ്ലിക്കേറ്റ് എസ്.എസ്.എൽ.സി ബുക്ക് ലഭിക്കുന്നതിനായി പി.ആർ.ഡി അംഗീകരിച്ച ഏതെങ്കിലും ദിനപത്രത്തിൽ പരസ്യം നൽകേണ്ടതാണ്.** |
| (ബി) | അപേക്ഷ സമർപ്പിച്ച് കഴിഞ്ഞാൽ പുതിയ സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന്റെ കാലയളവ് എത്രയാണെന്ന് അറിയിക്കാമോ? | (ബി) | **പുതിയ എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള കാലയളവ് 2000 വരെ പരീക്ഷ എഴുതിയവരുടെ പരമാവധി ഒന്നരമാസവും 2001 മുതൽ പരീക്ഷ എഴുതിയവരുടെ പുതിയ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് പരമാവധി ഒരു മാസവും ആണ്.** |

സെക്ഷൻ ഓഫീസർ